**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

17.07.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 802

<u>വ്യാജമരുന്നുകളുടെ വിപണനം</u>

<u>ചോദ്യം</u>

ശ്രീ.പി. തിലോത്തമൻ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ.കെ. വിജയൻ

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വ്യാജവും ഗുണമേൻമയില്ലാത്തതുമായ മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്തവിതരണ സ്ഥാപനം എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനക്കെടുക്കുകയും, പ്രസ്തുത മരുന്നുകൾ പരിശോധനക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേക്ക് അയക്കുകയും ചെയ്യാറുണ്ട്. പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിൽപ്പന സംസ്ഥാനത്ത് ഡ്രഗ്സ് ഇൻസ്പെക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ തടയാറുണ്ട്. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിവരം വെബ്സൈറ്റ് വഴിയും എസ്.എം.എസ് വഴിയും ഫാർമസിസ്റ്റ്, ഡോക്ടർമാർ, മെഡിക്കൽ ഷോപ്പുടമകൾ എന്നിവരെ അറിയിക്കാറുണ്ട്. പരാതിയുടെ അടിസ്ഥാനത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് പരിശോധനയ്ക്കെടുക്കാറുണ്ട്. |
| (ബി) മരുന്നുകളുടെ പരിശോധന യഥാസമയം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളില്ലെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പരിശോധനക്കായി മരുന്നുകൾ കെട്ടിക്കിടക്കുന്നുണ്ടോ; എങ്കിൽ മൊത്തം എത്ര മരുന്ന് സാമ്പിളുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ ഏകദേശം 2400 സാമ്പിളുകൾ പരിശോധിക്കാനായി ബാക്കിയുണ്ട്. എറണാകുളത്ത് പുതുതായി റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കിയുള്ള സാമ്പിളുകളുടെ പരിശോധന വേഗത്തിൽ പൂർത്തിയാക്കുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ